**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **28-07-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രിയുടെ നവീകരണത്തിനായി കിഫ്ബിയിൽ നിന്നും 53.664 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ സ്വീകരിച്ചു വരുന്നു. |
| (ബി) | അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ? | (ബി) | മുനിസിപ്പാലിറ്റിയിൽ നിന്നുള്ള കെട്ടിട നിർമ്മാണ അനുമതി ലഭിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ആശുപത്രിയിലേയ്ക്കുള്ള റോഡിന് മതിയായ വീതിയില്ലാത്തതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിന് സ്പെഷ്യൽ ഓഫീസർ മുഖേന മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. ഇതിൻമേൽ മുനിസിപ്പാലിറ്റിയിൽ തുടർ നടപടികൾ നടന്നു വരുന്നു. റോഡിന്റെ വീതി കൂട്ടിയ ശേഷം കെട്ടിട നിർമ്മാണ അനുമതി, ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മറ്റിയുടെ സാങ്കേതികാനുമതി, GRIHA പ്രോട്ടോക്കോൾ പ്രകാരം പുതുക്കിയ പദ്ധതി രേഖയുള്ള കിഫ്ബിയുടെ അനുമതി എന്നിവ ലഭിച്ച ശേഷം മാത്രമേ ടെന്റർ നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയൂ |

സെക്ഷൻ ഓഫീസർ